**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3558** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 2022 മേയ് മാസത്തെ ശമ്പളം കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2022 മേയ് മാസത്തെ ശമ്പളം നൽകിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം 2022 മെയ് മാസത്തെ ശമ്പളം ജൂൺ 17 മുതൽ ജൂലൈ 2 വരെയുള്ള തീയതികളിൽ വിവിധ ഘട്ടങ്ങളായാണ് പൂർണ്ണമായും വിതരണം ചെയ്തത്. |
| (ബി) | മേയ് മാസത്തെ ശമ്പളത്തിനായി സർക്കാർ എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | മേയ് മാസത്തെ ശമ്പളത്തിനായി സർക്കാർ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഡീസൽ വാങ്ങിയ വകയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് പണം കൊടുക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപയുടെ കുടിശ്ശികയാണുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഡീസൽ വാങ്ങിയ വകയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 122,44,82,924/- രൂപ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ